മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ ഇതുവരെ മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടില്ലാത്ത കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ/തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഔദ്യോഗികഭാഷ സംബന്ധിച്ച് 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് നിലവിലുണ്ട്.

സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി

8 (*7) ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ&ബി) ഉണ്ട്. കേരളത്തിലെ എല്ലാ സ്കൂളുകളിലും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ കായികക്ഷമത പ്രത്യേക ടെസ്റ്റുകളിലൂടെ വ്യക്തമായി അളന്ന്, പരിശോധനാഫലം ശാസ്ത്രീയമായി അപഗ്രഥിച്ച് കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും ലക്ഷ്യമിട്ട് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. അനുയോജ്യമായ കായിക പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഹൃദയ-ശ്വസന ക്ഷമതാ പരിപാടികളിൽ, പങ്കെടുക്കുന്ന 9-ാം 17-ാം ഇടയ്ക്ക് പ്രായമുള്ള കുട്ടികളുടെയും കൗമാരക്കാരുടെയും അനുപാതം 90%-ൽ അധികമാക്കുക.
2. 9-ാം 17-ാം ഇടയ്ക്ക് പ്രായമുള്ള 60% കുട്ടികളേയും കൗമാരക്കാരേയും ദിവസേനയുള്ള കായിക പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക.
3. കുട്ടികളുടേയും കൗമാരക്കാരുടേയും കായികക്ഷമത ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം സ്ഥാപിക്കുക.
4. ഔദ്യോഗികമായി കായികക്ഷമത ആവശ്യമുള്ള അവസരങ്ങളിൽ അത് നേടുന്നതിന് പ്രചോദനം നൽകുക.
5. നിശ്ചിത നിലവാരത്തിന് താഴെയുള്ളവരുടെ പ്രകടനം മെച്ചപ്പെടുത്തുക.
6. ടീച്ചേഴ്സ് ഗൈഡും, ദൃശ്യ സഹായിയും വികസിപ്പിച്ചെടുക്കുക.
7. സ്കൂളുകളിലും കോളേജുകളിലും കായികക്ഷമതാ ക്ലബ്ബുകൾ സ്ഥാപിക്കാനാവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ വികസിപ്പിക്കുക.
8. സ്കൂളുകളിലും വീട്ടിലും സമൂഹത്തിലും കുട്ടികളുടെയും യുവാക്കളുടെയും കായിക പ്രവർത്തനസ്വഭാവം കണ്ടെത്തുക.
9. സ്കൂളുകളിലും കലാലയങ്ങളിലുമുള്ള വിദ്യാർത്ഥികളുടെ ആരോഗ്യം അപകടപ്പെടുത്തുംവിധമുള്ള പെരുമാറ്റ രീതികളെ അഥവാ ശീലങ്ങളെ മുൻഗണനാക്രമത്തിൽ കണ്ടറിഞ്ഞു നിയന്ത്രിക്കുക.

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണവും വികസനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി 2008-09 മുതൽ ആറ് വർഷമായി തുടർന്നുവരുന്നു. സമ്പൂർണ കായികക്ഷമതാ പദ്ധതി പരിശോധനാ പരിപാടിയിൽ മികച്ച വിജയം കാഴ്ചവച്ച കേരളത്തിലെ 14 ജില്ലകളിലേയും ഒരോ സ്കൂളുകൾക്കും ആൺകുട്ടികളുടെ വിഭാഗത്തിനും പെൺകുട്ടികളുടെ വിഭാഗത്തിനും 10,000 രൂപ വീതം ക്യാഷ് അവാർഡും 100% വിജയം കൈവരിച്ച ജില്ലകളിലെ കോ-ഓർഡിനേറ്റർമാർക്ക് 5,000 രൂപ വീതം ക്യാഷ് അവാർഡും നൽകിവരുന്നു. കൂടാതെ, ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന രണ്ടാംഘട്ട പരിശോധന പരിപാടിയിൽ 'എ' ഗ്രേഡ് കരസ്ഥമാക്കുന്ന എല്ലാ കുട്ടികൾക്കും 500 രൂപ വീതം ക്യാഷ് അവാർഡും നൽകിവരുന്നുണ്ട്. 2013-14, 2015-16 വർഷങ്ങളിൽ കായിക ക്ഷമത പരിശോധന പരിപാടികൾ നടക്കുകയുണ്ടായില്ല.

വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നതിനെതിരെ നടപടി

9 (*8) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്ന മാനേജ്മെന്റുകൾക്കും തട്ടിപ്പ് സംഘങ്ങൾക്കുമെതിരെ നിയമനടപടി കൈക്കൊള്ളാൻ തയ്യാറാകുമോ ;

(സി) പ്രവേശനത്തിന് കോഴയും ക്യാപ്പിറ്റേഷൻ ഫീസും വാങ്ങുന്നതിനെ നിയന്ത്രിക്കാനും ഇത്തരക്കാരെ കണ്ടുപിടിച്ച് ശിക്ഷിക്കാനും നിലവിൽ പ്രത്യേക സംവിധാനം ഉണ്ടോ : വിജിലൻസ് വകുപ്പ് ഈ പ്രശ്നത്തിൽ സ്വമേധയാ നടപടി സ്വീകരിക്കാറുണ്ടോ ;

(ഡി) പത്ത് കോടിയോളം രൂപയുടെ അഡ്മിഷൻ തട്ടിപ്പ് നടത്തിയ ആദിത്യാ ഇൻസ്റ്റിറ്റ്യൂട്ടിനെതിരെ സ്വീകരിച്ചനടപടികൾ വിശദമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്ന മാനേജ്മെന്റുകൾക്കും തട്ടിപ്പ് സംഘങ്ങൾക്കുമെതിരെ പരാതി ലഭിച്ചാൽ നിലവിലുള്ള നിയമങ്ങളനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.